പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2506 19.06.2013-ലെ മറുപടിക്ക്

## ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്:<br>ശ്രീ. പി. സി. ജോർജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) മിക്ക ക്ഷേമനിധി ബോർഡുകളിലും ലോക്കൽ ഫണ്ട് ആഡിറ്റും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റും കൃത്യമായി നടത്തി വരുന്നുണ്ട്. ഇപ്രകാരം നടത്തുന്ന ആഡിറ്റ് റിപ്പോർട്ടും, ഭരണ റിപ്പോർട്ടും നിയമസഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ചു വരുന്നു. കൂടാതെ തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പരിശോധന വിഭാഗം രൂപീകരിച്ച് ബോർഡുകളുടെ ഓഫീസുകളിൽ പരിശോധന നടത്തി വരുന്നു. |
| (ബി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് പഠിച്ച് ശ്രീനിവാസൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു നടപടി എടുത്തു വരുകയാണ്. |
| (സി) ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ